കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്
# 2014-15, 2015-16 വർഷങ്ങളിലെ
# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
Email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബിപി.1)380/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ- 680 020
Email: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 24.03.2017

ജോയിൻറ് ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന)
പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-4, 3-5, 3-6, 3-13, 3-16, 3-17, 3-18, 3-20 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉ.പ.സഹിതം)
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബിപി.1)380/2017 തീയതി: 24.03.2017

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.07.15മുതൽ 31.3.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2014-15, 2015-16 കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ് ബാബു. വി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2017മുതൽ 28.02.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു. പി. എസ് | ഓഡിറ്റ്ഓഫീസർ |
| | ഷാജിത. കെ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സുനിൽ .പി . ബി | സീനി.ഗ്രേഡ് ഓഡിറ്റർ |
| | രമാദേവി .കെ. ആർ | ഓഡിറ്റർ |
| | രാജിഷ. ആർ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അജിത സതീഷ് | 01.04.14 മുതൽ 11.11.2015 വരെ (12.11.15 മുതൽ 18.11.15 വരെ ഒഴിവ്) |
| | കുമാരി .വി .തങ്കമ്മ | 19-11-15 മുതൽ 31.3.16 വരെ |

സ.ഉ നം.324/2015/ത.സ്വ. ഭ.വ /20.10.2015പ്രകാരം ഓരോ പഞ്ചായത്തിനും അവയിൽ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതു മുതൽ 2015 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനുശേഷം അത്തരം പഞ്ചായത്തുകളിൽ പുതിയ ഭരണസമിതി രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് ഒരു ഭരണനിർവ്വഹണ കമ്മിറ്റി നിയമിക്കുവാൻ നിർദേശമുണ്ട്. ഉത്തരവ് പ്രകാരം ഭരണ നിർവഹണ കമ്മിറ്റിയിലുണ്ടായിരിക്കേണ്ട അംഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

3. സി. ഡി . പി .ഒ

എന്നാൽ പഴയന്നൂർ ബ്ളോക്ക് പഞ്ചായത്തിൽ സർക്കാർ നിർദേശിച്ച പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

മറ്റു നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി, പഴയന്നൂർ | ശ്രീ ജയ് പി ബാൽ | 01.04.2014 മുതൽ 24.06.15 വരെ |
| | ശ്രീ പി ആർ ഷിനോദ് | 25.06.15 മുതൽ 10.08.2015 F.N വരെ |
| | ശ്രീ വി.ജെ ജോസഫ് | 10.08.2015 A.N മുതൽ 31.03.2016 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയള വ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഉണ്ണിമോൻ. എൻ .കെ | 1-4-14 മുതൽ 31.7.15 വരെ |
| | ഫിലിപ്പ് വർഗീസ് | 1.8.15 മുതൽ 2.8.15 വരെ |
| | വി. എസ് . വിനി. | 3.8.15 മുതൽ 10.2.16 വരെ |
| | വൃന്ദ. കെ | 11.2.16 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഷൈബി ജോർജ് | 1.4.14 മുതൽ 9.9.14 വരെ |
| | എം. കെ. സജീവ് | 10.9. 14 മുതൽ 31-3-16 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി തിരുവില്വാമല | ഡോ. പ്രമീള റാണി.ടി.എം | 01.04.14 മുതൽ 9.09.15 വരെ |
| | ഡോ. മനോഹർ ബാബു . സി. എൻ | 10.9.15 മുതൽ 20.9.15 വരെ |
| | ഡോ. പ്രമീള റാണി.ടി.എം | 21.9. 15 മുതൽ 10.10.15 വരെ |
| | ഡോ. മനോഹർ ബാബു . സി. എൻ | 11.10. 15 മുതൽ 5.12.15 വരെ |
| | ഡോ. പ്രമീള റാണി.ടി.എം | 6.12. 15 മുതൽ 31.3.16 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ, പഴയന്നൂർ | എ. സരസ്വതി | 01.04.14 മുതൽ 31.03.16വരെ |
| പട്ടികജാതി വികസന ഓഫീസർ, പഴയന്നൂർ | പി.കെ ശശി | 01.04.14 മുതൽ 29.08.14 വരെ |
| | ജോസഫ് ജോൺ | 30.08.14 മുതൽ 28.9.14 വരെ |
| | എം.കെ.ശ്രീകുമാർ | 29.9.14 മുതൽ 18.10.15വരെ |
| | ജോസഫ് ജോൺ | 19-10-15 മുതൽ 4.11.15 വരെ |
| | കെ . മണികണ്ഠൻ | 5.11.15 മുതൽ 31-3-16 വരെ |
| വ്യവസായ വികസന ഓഫീസർ | കെ.എൻ.അജിത | 1.4.14 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | രജിസ്റ്ററുകളുടെ പരിപാലനം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| 9 | രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 2-1 |
| 10 | രശീതികൾ ക്രമമില്ലാതെ എഴുതി യത് -വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 2-2 |
| | ഭാഗം 3 | |
| 11 | ഐ.എ.വൈ ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല | 3-1 |
| 12 | ഐ.എ.വൈ -അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകളുടെ വിതരണ വിവരം കൃത്യമായി സൂക്ഷിക്കുന്നില്ല | 3-2 |
| 13 | ഐ.എ.വൈ ഭവന നിർമ്മാണം -അപാകതകൾ | 3-3 |
| 14 | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 3-4 |
| 15 | ടെണ്ടർ നെഗോസിയേഷൻ തീരുമാനം നടപ്പാക്കിയില്ല ,സപ്ളൈയർക്ക് അധികതുക നല്കി | 3-5 |
| 16 | ദേശീയോദ്ഗ്രഥന റാലി-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല (2014-15) | 3-6 |
| 17 | സാക്ഷരത തുല്യത-പഠിതാക്കളുടെ ഫീസ് -രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 18 | സംയുക്ത പ്രൊജക്ട്-മാർഗ്ഗരേഖ പാലിച്ചില്ല(2014-15) | 3-8 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു.(2015-16) | 3-9 |
| 20 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ-രേഖകൾ ഹാജരാക്കിയില്ല | 3-10 |
| 21 | സാമൂഹ്യ സുരക്ഷാമിഷന് സംഭാവന-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-11 |
| 22 | പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം- അപാകതകൾ (2014-15,2015-16) | 3-12 |
| 23 | കെട്ടിട നിർമ്മാണപ്രൊജക്ടുകൾ ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിക്കുന്നു | 3-13 |
| 24 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണപ്രവൃത്തി-ആസൂത്രണത്തിലെ അപാകതകൾ | 3-14 |
| 25 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 3-15 |
| 26 | കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള ചുമതലകൾ മറികടന്ന് മരാമത്ത് പ്രവൃത്തികൾ നടത്തി | 3-16 |

| | | |
|---|---|---|
| 27 | കോടതി വിധി പ്രകാരം പ്രവൃത്തി അവസാനിപ്പിച്ച് തുക നല്കിയത്-രേഖകൾ ഹാജരാക്കിയില്ല | 3-17 |
| 28 | ടെലഫോൺ വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനും,സെക്രട്ടറിയ്ക്കും അധിക തുക അനുവദിച്ചു | 3-18 |
| 29 | നിയമസാധുതയില്ലാത്ത ബില്ലുകൾ ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നു | 3-19 |
| 30 | ടോട്ടൽ സാനിറ്റേഷൻ ക്യാമ്പെയിൻ (2014-15,2015-16)-അക്കൗണ്ടിൽ നീക്കിയിരിപ്പ് 45,68,333/- രൂപ | 3-20 |
| 31 | ടെണ്ടർ ഫാറം വിൽപ്പന, വാറ്റ് അടവാക്കിയതിന്റെ രശീതി/ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 3-21 |
| 32 | ഐ.എ.വൈ ഭവനനിർമ്മാണം-ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയും, വാച്ച് രജിസ്റ്ററിലെ കൈപ്പറ്റും വ്യത്യസ്തം | 3-22 |
| 33 | കമ്പ്യൂട്ടർ റിപ്പയറിനായി ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഏർപ്പെടുത്തേണ്ടതാണ്. | 3-23 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ ബജറ്റ് 26.2.14ലെ തീരുമാനപ്രകാരവും, 2015-16വർഷത്തെ ബജറ്റ് 26.3.15 ലെ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം 2014-15, 2015-16 വർഷങ്ങളിലെ ആകെ വരവ് യഥാക്രമം 325807939/- രൂപയും 345000830/- രൂപയും ആകെ ചെലവ് യഥാക്രമം 325717072/- രൂപയും 342936940 /-രൂപയുമാണ്. .

## 1-2 വാർഷിക ധനകാര്യപത്രിക.

2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.15 | 7.7.15 |

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 30.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1. 2014-15 സാമ്പത്തികവർഷത്തെ ഐ.എ.വൈ സംസ്ഥാന വിഹിതം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.2014-15 സാമ്പത്തികവർഷത്തിൽ എസ് ബി ടി പഴയന്നൂർ ബ്രാഞ്ചിലുണ്ടായിരുന്ന – 67268412582 നമ്പർ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. (SIG for SHG)

3. ഐ.എ.വൈ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിന്റെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും, വാർഷിക കണക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല, അക്കൗണ്ടിൽ നിന്നും 4-2-16ന് 360 രൂപ 2015-16 ലെ ബാങ്ക് ചാർജസ് കുറവ് ചെയ്തത് ബ്ലോക്ക് പഞ്ചായത്ത് 2016- 17 ലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

4. 2014-15 ലെ ടി.എസ്.സി നീക്കിയിരുപ്പ് തുക പാസ് ബുക്കിലേതും വാർഷിക കണക്കിലേതും തമ്മിൽ 27567/-രൂപ വ്യത്യാസം ഉണ്ട് . ഈ അക്കൗണ്ടിന്റെ വർഷാവസാനസംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. എസ് ബി ഐ പാഞ്ഞാളിലുള്ള, അക്കൗണ്ട് നമ്പർ - 10536598165 , പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും തമ്മിൽ 90434 രൂപ വ്യത്യാസം ഉണ്ട്. ഈ അക്കൗണ്ടിലേക്കുള്ള പലിശ വരവ് (25-12-14 ൽ 29578 രൂപ, 25.6.15 ന് 30832 രൂപ, 25.12.15 ന് 30024 രൂപ എന്നിങ്ങനെ പലിശ വരവുള്ളത് )വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 36849194 |
| വരവ് | 176365677 |
| ആകെ | 213214871 |
| ചെലവ് | 158351101 |
| നീക്കിയിരിപ്പ് | 54863770 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 54863770 |
| വരവ് | 187760987 |
| ആകെ | 242624757 |
| ചെലവ് | 200504144 |
| നീക്കിയിരിപ്പ് | 42120613 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | *3658074 | 30924500 | 34582574 | 30649027 | 3933547 |
| വികസനഫണ്ട് എസ്.സി.പി. | 738 | 16637000 | 16637738 | 15131258 | 1506480 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 156000 | 156000 | 156000 | 0 |
| സംരക്ഷണഗ്രാന്റ് | 0 | 4573490 | 4573490 | 2643124 | 1930366 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാൻറ് | 5213860 | 2800000 | 8013860 | 3378802 | 4635058 |
| ബി ഫണ്ട് | 0 | 1318767 | 1318767 | 1318767 | - |

*അവാർഡ് തുക 1571365 രൂപ 2014-15 നീക്കിയിരിപ്പിനോട് ചേർത്തുള്ള തുക (ACR പ്രകാരം)

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3933547 | 30174379 | 34107926 | 34107926 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 1506480 | 16387038 | 17893518 | 17893518 | | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 156000 | 156000 | 156000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1930366 | 4025522 | 5955888 | 59558888 | - | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 46315058 | 3117700 | 7752758 | 2170696 | - | 5582062 |
| ബി ഫണ്ട് | 0 | 2644675 | 2644675 | 2644675 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

2014-15, 2015-16 സാമ്പത്തികവർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.-

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 49(2014-15) | 49895876 | 47 | 44545978 | 2 | - | 95.1 |
| 47(2015-16) | 53083916 | 46 | 52157444 | 1 | - | 98.25 |

## 1-7 രജിസ്റ്ററുകളുടെ പരിപാലനം

2014-15, 2015-16 വർഷങ്ങളിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. . ആയത് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.04.2015 മുതൽ 29.04.2015 വരെ | 2014-15 | 09.07.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-10-15 മുതൽ 9-11-15 വരെ | 2012-13 – 2014-15 | LBA(HQ) III/8A-2354/15-16/207/ 8.12.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2014-15, 2015-16 വർഷങ്ങളിൽ രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 2012-13 ലാണ് മാനവൽ രശീതി ബുക്കുകൾ ഏറ്റവുമൊടുവിൽ സ്റ്റോക്കിലെടുത്തിരിക്കുന്നത്. ഇവ ഇഷ്യൂ ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്കായി ലഭിച്ചത് 538, 539, 543 നമ്പർ രശീതി പുസ്തകങ്ങളാണ്. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ എല്ലാ മാനവൽ രശീതി ബുക്കുകളും പരിശോധനയ്ക്ക് ലഭിച്ചു എന്നത് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. സാംഖ്യാ രശീതികൾ ഉപയോഗിച്ചു തുടങ്ങിയിട്ടും ഇതിനായി പ്രത്യേകം സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 28-2-2017 ന് 1360630 മുതൽ 1361000വരെയും , 4065501 മുതൽ 406600 വരെയും സാംഖ്യാ ക്യാഷ് രശീതികൾ സ്റ്റോക്ക് ഉള്ളതായി 28-2-2017 ന് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇവയും സ്റ്റോക്കിൽ എടുക്കുകയോ ഉപയോഗിച്ച രശീതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉപയോഗിക്കുന്ന രശീതികളുടെ സ്റ്റോക്ക്, ഇഷ്യൂവിന്റെ ആധികാരികമായ കണക്ക് രജിസ്റ്ററിൽ രേഖപെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 2-2 രശീതികൾ ക്രമമില്ലാതെ എഴുതിയത് - വിശദീകരണം ലഭ്യമാക്കേണ്ടതാണ്

മാർച്ച് 2016 ൽ ഉപയോഗിച്ച 543 -ാം നമ്പർ രശീതി ബുക്കിൽ എഴുപത്തിയഞ്ചാമത് രശീതിയ്ക്ക് ശേഷം വരവ് രേഖപ്പെടുത്തിയിരിക്കുന്നത് തീയതി ക്രമത്തിലല്ല. 31.3.16 നാണ് 74-ാം നമ്പർ രശീതി വരവുവെച്ചിട്ടുള്ളത് . ഇതിനു ശേഷം 75-ാം നമ്പർ രശീതി മുതൽ 23.3.16, 1.2.16, 7.9.15, 29. 9.15, 3.3.16 എന്നീ തിയതികളിലായാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ രശീതി വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ക്രമമല്ലാത്ത രീതിയിൽ വരവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ.എ.വൈ ഭവന നിർമ്മാണം

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ ഭവന നിർമ്മാണത്തിനായി 6 ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 2014-15 വർഷം 33799365 /- രൂപയും 2015-16 വർഷം 29991375/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തുകയും ആയത് സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് ( പഴയന്നൂർ ,PNB A/c no 0149939). ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടാതെ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം, ജില്ലാ പഞ്ചായത്ത് , ഗ്രാമ പഞ്ചായത്ത് വിഹിതം (6 ഗ്രാമ പഞ്ചായത്തുകളുടെ) എന്നിവയും ലഭിച്ചിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഐ.എ.വൈ പദ്ധതിക്കു ലഭ്യമായ ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2014-15

| ക്രമ നം | വിഹിതം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| 1 | കേന്ദ്രം (OB ഉൾപ്പെടെ) | 30417685 | 27797509 | 2620176 |
| 2 | സ്റ്റേറ്റ് | 10457959 | 6279732 | 4178227 |
| 3 | ബ്ളോക്ക് | 33799365 | 19008000 | 14791365 |
| 4 | ഗ്രാമം | 17984349 | 17984349 | 0 |
| 5 | ജില്ല | 15544807 | 15544807 | 0 |

2015-16

| ക്രമ നം | വിഹിതം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| 1 | കേന്ദ്രം (OB ഉൾപ്പെടെ) | 31545958 | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല |
| 2 | സ്റ്റേറ്റ് | 50973990 | 50701204 | 272786 |
| 3 | ബ്ളോക്ക് | 29991375 | 29991375 | 0 |
| 4 | ഗ്രാമം | 16521491 | 16521491 | 0 |
| 5 | ജില്ല | 13962214 | 12096305 | 1865909 |

മേൽ പറഞ്ഞ 3 വിഹിതങ്ങളും താഴെ പറയും പ്രകാരം 3 അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | വിഹിതം | ബാങ്ക് | അക്കൗണ്ട് നം |
|---|---|---|---|
| 1 | കേന്ദ്ര വിഹിതം | പി.എൻ.ബി, പഴയന്നൂർ | 65478 |
| 2 | സംസ്ഥാന വിഹിതം | -do- | 34502 |
| 3 | ഗ്രാമ,ബ്ളോക്ക്, ജില്ല പഞ്ചായത്ത് വിഹിതം | --do-- | 0149939 |

ഇപ്രകാരം അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളിൽ നിന്ന് തൻവർഷത്തെ ഗുണഭോക്താക്കൾക്ക് പുറമെ മുൻവർഷങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഭവന നിർമ്മാണം പൂർത്തിയാക്കാതെ കിടക്കുന്ന ഗുണഭോക്താക്കൾക്ക്കൂടി അനുവദിച്ചുവരുന്നു. 20.02.2017 ലെ സ്ഥിതിവിവരം അനുസരിച്ച് 2011-12 മുതൽ 2016-17 വരെ ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വച്ച / അനുവദിച്ച വീടുകളുടെയും അതിൽ ഭവന നിർമ്മാണം പൂർത്തികരിച്ചവയുടെയും ഗൃഹ നിർമ്മാണം പൂർത്തികരിക്കാൻ ബാലൻസ് നിൽക്കുന്നവയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | ലക്ഷ്യം വച്ച വീടുകളുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം |
|---|---|---|---|
| 2011-12 | 503 | 488 | 15 |
| 2012-13 | 603 | 582 | 21 |
| 2013-14 | 407 | 388 | 19 |
| 2014-15 | 594 | 546 | 48 |
| 2015-16 | 632 | 428 | 204 |
| 2016-17 | 46 | 0 | 46 |
| ആകെ | 2785 | 2432 | 353 |

മേൽ സൂചിപ്പിച്ച ബ്ലോക്ക് പഞ്ചായത്തിൽ നിന്നു ലഭ്യമായ വിവരമനുസരിച്ച് പൂർത്തികരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-2 ഐ.എ.വൈ -അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകളുടെ വിതരണ

## വിവരം കൃത്യമായി സൂക്ഷിക്കുന്നില്ല

2014-15, 2015-16 സാമ്പത്തിക വർഷം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ഐ.എ.വൈ ഭവന നിർമ്മാണത്തിനായി തുക നൽകുന്നത് മൂന്ന അക്കൗണ്ടുകളിൽ നിന്നാണ് (ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് വിഹിതം നിക്ഷേപിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ട് നം 0149939, കേന്ദ്ര വിഹിതം നിക്ഷേപിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ട് നമ്പർ 65478, പഴയന്നൂർ, സംസ്ഥാന വിഹിതം നിക്ഷേപിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ട് നമ്പർ 34502 എന്നിവയാണ്). 2014-15 സാമ്പത്തിക വർഷം തുടക്കത്തിൽ അതത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മേൽ പറഞ്ഞ അക്കൗണ്ടുകളിൽ നിന്ന് ഭവന നിർമ്മാണം വിഹിതം നേരിട്ട് നൽകുകയായിരുന്നു ചെയ്തിരുന്നത്. പിന്നീട് കുറെ ഗുണഭോക്താക്കൾക്ക് ഒരുമിച്ച് തുക ബാങ്കിലേക്ക് നൽകുകയും അവിടെ നിന്ന് അതത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയുമാണ് ചെയ്യുന്നത്. ബാങ്കിലേക്ക് ഗുണഭോക്താക്കൾക്കു നൽകാനായി നൽകുന്ന തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകണമെന്ന് ലിസ്റ്റ് ചെക്കിനോടൊപ്പം ബാങ്കിലേക്ക് നൽകുന്നുണ്ട്. അത് ബാങ്ക് സ്വീകരിച്ചു എന്നതിന് ഒരു രേഖയും സൂക്ഷിക്കുന്നില്ല. പല തുകകളും പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിവരം ലഭ്യമായിട്ടില്ല. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, കേന്ദ്രം, സ്റ്റേറ്റ് വിഹിതം എന്നിവ നിക്ഷേപിക്കുന്ന അക്കൗണ്ടുകളിൽ നിന്ന് താഴെ പറയുന്ന തിയ്യതികളിൽ പിൻവലിച്ച തുകയുടെ വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തവയുടെ വിവരം താഴെ കൊടുക്കുന്നു .

അക്കൗണ്ട് നമ്പർ 0149939

പഞ്ചാബ് നാഷണൽ ബാങ്ക്,പഴയന്നൂർ

2014-15

| ക്രമ നം | തിയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 25.08.14 | 999399 | 81250 |
| 2 | 18.10.14 | 999424 | 210000 |
| 3 | 13.11.14 | 999432 | 615000 |
| 4 | 10.12.14 | 999443 | 617000 |
| 5 | 20.12.14 | 999444 | 615000 |
| 6 | 25.03.15 | 999475 | 666000 |

2015-16

| ക്രമ നം | തിയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 02.04.2015 | 999485 | 95000 |
| 2 | 02.04.2015 | 999486 | 68000 |
| 3 | 28.04.2015 | 999496 | 757500 |
| 4 | 28.04.2015 | 999495 | 676000 |
| 5 | 15.05.2015 | 999500 | 1150500 |
| 6 | 16.05.2015 | 999499 | 1401500 |
| 7 | 18.05.2015 | 999501 | 163000 |
| 8 | 19.05.2015 | 999502 | 473500 |
| 9 | 26.05.2015 | 999507 | 380000 |
| 10 | 26.05.2015 | 999506 | 571000 |
| 11 | 29.07.2015 | 999544 | 315300 |
| 12 | 05.10.2015 | 999559 | 45000 |
| 13 | 05.10.2015 | 999558 | 26500 |

| | | | |
|---|---|---|---|
| 14 | 21.10.15 | 999561 | 65000 |
| 15 | 26.10.15 | 999560 | 247000 |
| 16 | 26.11.15 | 999562 | 194000 |
| 17 | 26.11.15 | 999563 | 32000 |
| 18 | 31.11.15 | 999564 | 253000 |
| 19 | 30.11.15 | 999565 | 130000 |
| 20 | 19.12.15 | 999571 | 103500 |
| 21 | 19.12.15 | 999570 | 286000 |
| 22 | 22.12.15 | 999574 | 165000 |
| 23 | 22.12.15 | 999575 | 40000 |
| 24 | 12.1.16 | 999590 | 1059000 |

അക്കൗണ്ട് നമ്പർ 65478

പഞ്ചാബ് നാഷണൽ ബാങ്ക്, പഴയന്നൂർ

2014-15

| ക്രമ നം | തിയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 05.12.14 | 71669 | 63188 |
| 2 | 26.12.14 | 71672 | 48721 |
| 3 | 26.12.14 | 71673 | 228564 |
| 4 | 06.01.15 | 71675 | 162970 |
| 5 | 06.01.15 | 71674 | 164884 |
| 6 | 26.02.15 | 71690 | 188489 |
| 7 | 04.03.14 | 777821 | 11594 |
| 8 | 20.03.15 | 777825 | 30000 |
| 9 | 24.03.15 | 777826 | 77663 |
| 11 | 18.04.15 | 777829 | 43721 |
| 12 | 21.4.15 | 777831 | 72442 |
| 13 | 27.03.15 | 777827 | 42000 |
| 14 | 05.12.14 | 71668 | 158721 |
| 15 | 10.12.14 | 71670 | 139721 |
| 16 | 10.12.14 | 71671 | 63188 |
| 17 | 26.02.15 | 71690 | 188489 |

2015-16

| ക്രമ നം | തിയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 18.04.2015 | 777829 | 43721 |
| 2 | 28.04.15 | 777832 | 33721 |
| 3 | 21.04.2015 | 777831 | 72442 |
| 4 | 16.05.15 | 33835 | 136163 |
| 5 | 18.05.15 | 777836 | 25000 |
| 6 | 13.10.15 | 777912 | 1496500 |
| 7 | 17.10.15 | NRTGS/PUNBR520151 | 12514000 |

| | | | |
|---|---|---|---|
| 8 | 20.10.15 | 246286 | 198721 |
| 9 | 20.10.15 | NRTGS/PUNBR520151 | 10467779 |
| 10 | 28.10.15 | 246288 | 25000 |
| 11 | 26.11.15 | 246294 | 355000 |
| 12 | 26.11.15 | 246293 | 763000 |
| 13 | 30.11.15 | 246296 | 437000 |
| 14 | 30.11.15 | 246295 | 90000 |
| 15 | 9.3.16 | 24307 | 345000 |
| 16 | 11.3.16 | 246306 | 453000 |

അക്കൗണ്ട് നമ്പർ 34502

പഞ്ചാബ് നാഷണൽ ബാങ്ക്, പഴയന്നൂർ

2014-15

| ക്രമ നം | തിയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 04.09.14 | - | 17200 |
| 2 | 16.10.2014 | 1179 | 108608 |
| 3 | " " | 1181 | 297452 |
| 4 | 10.12.2014 | 1201 | 197500 |
| 5 | 13.1.15 | 1215 | 7600 |

2015-16

| ക്രമ നം | തിയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 02.04.15 | 1251 | 17500 |
| 2 | 18.04.15 | 1258 | 401716 |
| 3 | " " | 1250 | 182000 |
| 4 | " " | 1249 | 328652 |
| 5 | 16.04.2015 | 1254 | 9200 |
| 6 | 8.5.15 | 1259 | 7200 |
| 7 | 1.7.15 | 1261 | 6400 |
| 8 | 16.7.15 | 1266 | 2400 |
| 9 | 23.7.15 | 1268 | 29304 |
| 10 | " " | 1269 | 42000 |
| 11 | 29.7.15 | 1272 | 10152 |
| 12 | 04.08.15 | 1273 | 8800 |
| 13 | 28.09.15 | 1281 | 6375 |
| 14 | 05.10.15 | 1283 | 42000 |
| 15 | " " | 1282 | 17152 |
| 16 | 30.11.15 | 1285 | 42000 |
| 17 | " " | 1286 | 5000 |
| 18 | 22.12.15 | 1289 | 9000 |

| | | | |
|---|---|---|---|
| 19 | 22.12.2015 | 1290 | 215020 |
| 20 | 23.12.15 | 1291 | 630000 |
| 21 | 12.1.16 | 304 | 265532 |
| 22 | " " | 305 | 96956 |
| 23 | 14.1.16 | 303 | 3000 |
| 24 | 21.1.16 | 310 | 5200 |
| 25 | 03.02.2016 | 315 | 889577 |
| 26 | 01.03.2016 | 326 | 182352 |
| 27 | 5.3.2016 | 332 | 41576 |
| 28 | 9.03.2016 | 334 | 114456 |
| 29 | 09.03.2016 | 333 | 42000 |

മേൽ പറഞ്ഞ അക്കൗണ്ടുകളിൽ നിന്ന് മേൽ സൂചിപ്പിച്ച തിയ്യതികളിൽ തുകകൾ പിൻവലിച്ചതു സംബന്ധിച്ച വിതരണ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് എൻക്വയറി നം . 22/2.3.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. വിവിധ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാനായി ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന തുക, ആ ബാങ്കുകളിൽ സ്വീകരിച്ചതിന് തെളിവുകളില്ല. ഓരോ ചെക്കു വഴി ഏതൊക്കെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യേണ്ടതെന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ബാങ്കിലേക്ക് നൽകിയതിന്റെയും ബാങ്ക് അത് സ്വീകരിച്ചതിന്റെയും വിവരം സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ബാങ്കിൽ നിന്ന് തുക കൈമാറിയതു സംബന്ധിച്ച മോണിറ്ററിംങ്ങ് , റീ കൺസിലിയേഷൻ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ വിതരണ വിവരം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-3 ഐ.എ.വൈ ഭവന നിർമ്മാണം -അപാകതകൾ

2014-15, 2015-16 സാമ്പത്തിക വർഷം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഓരോ ചെക്കുവഴി മാറുന്ന തുകകളുടെ വിവരം വൗച്ച് രജിസ്റ്റർ, വിതരണ സ്റ്റേറ്റ്മെന്റ് എന്നിവയിൽ കൃത്യമായി എഴുതിവയ്ക്കുന്നതായി കാണുന്നില്ല

2)പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ഐ.എ.വൈ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ വാസയോഗ്യമായ വീടില്ലാത്തവർക്കു തന്നെയാണോ ഈ ആനുകൂല്യം നൽകിയത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. [ജി.ഒ(എം.എസ്) നമ്പർ 248/12/ത.സ്വ.ഭ.വ തീയതി 29.09.12, ജി.ഒ(എം.എസ്)നമ്പർ 362/13/ത.സ്വ.ഭ.വ തീയതി 16.11.13]

3) എൻ.ഒ.സി, ഫോട്ടോ എന്നിവ പല അപേക്ഷകളിലും വച്ചിട്ടില്ല.

4) ഐ.എ.വൈ ഭവന നിർമ്മാണത്തിന് കരാർ വയ്ക്കുന്ന വീടുകൾക്ക് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നൽകേണ്ട നിശ്ചിത അനുപാതത്തിലല്ല തുക വകയിരുത്തിയിരിക്കുന്നതും നൽകിയിരിക്കുന്നതും.

5) 2011-12 മുതൽ പൂർത്തികരിക്കാത്ത ഐ.എ.വൈ ഭവനങ്ങൾ സമയബന്ധിതമായി പൂർത്തികരിച്ചതായി കാണുന്നില്ല.

6) രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിവക്കുന്നില്ല

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കി വയ്ക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

2014-15

2014-15 സാമ്പത്തിക വർഷം ഐ.എ.വൈ ഭവന നിർമ്മാണത്തിനായി ഓന്നോ രണ്ടോ ഗഡുക്കൾ കൈപ്പറ്റിയതും എന്നാൽ ഗൃഹ നിർമ്മാണം പൂർത്തികരിക്കാത്തതുമായ ഗുണഭോക്താക്കൾ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൻറെ കീഴിലുള്ള 6 പഞ്ചായത്തുകളിലും ഉണ്ട്. ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം താഴെ കൊടുക്കുന്നു

### കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | സജിത പ്രസാദ്,വീട്ടീകുന്ന് കോളനി,കൊണ്ടാഴി | 17500 | 200000 | 182500 |
| 2 | ബബിത സുരേഷ് ചേലക്കാട് | 17500<br>42000 | 200000 | 140500 |
| 3 | വൽസല രാമൻ കൊണ്ടാഴി | 17500 | 200000 | 182500 |
| 4 | മങ്ങോടൻ നായാടി | 17500<br>30000 | 200000 | 152500 |
| 5 | നന്ദിനി ഉണ്ണികൃഷ്ണൻ,കോനാത്തുപടി | 17500<br>28000 | 200000 | 154500 |
| 6 | സുനിത രാജു,പഴയ കോളനി,കൊണ്ടാഴി | 17500<br>42000 | 200000 | 140500 |
| 7 | സുനിത പ്രദീപ് | 17500<br>42000 | 200000 | 140500 |
| 8 | ജയപ്രഭ ജയകുമാർ ചേലക്കോട് | 17500<br>42000 | 200000 | 140500 |

### ചേലക്കര ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | നളിനി രാധാകൃഷ്ണൻ,കളപ്പാറ | 17500<br>28000 | 200000 | 154500 |
| 2 | ശോഭന അയ്യപ്പൻ,തോന്നൂർക്കര | 17500<br>28000 | 200000 | 154500 |
| 3 | കണ്ണമ്മ,രാജു, ചേലക്കര | 17500<br>42000 | 200000 | 140500 |

### തിരുവില്വാമല ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | സരോജനി വിജയകുമാർ,മലേശമംഗലം | 17500 | 200000 | 182500 |

| | | | | |
|---|---|---|---|---|
| 2 | ബിനി ശശികുമാർ,തിരുവില്വാമല | 17500 | 200000 | 182500 |
| 3 | ശ്യാമള ഗോപാല കൃഷ്ണൻ മലേശമംഗലം | 17500 | 200000 | 182500 |
| 4 | രമ്യ ഉദയകുമാർ,തിരുവില്വാമല | 17500<br>42000 | 200000 | 140500 |
| 5 | പ്രജിത്ത് കൃഷ്ണ കുമാർ | 17500<br>42000 | 200000 | 140500 |
| 6 | കുറുമ്പ ചെള്ളി മേപ്പാട്ടു തൊടി പാമ്പാടി | 17500 | 200000 | 182500 |
| 7 | നസീറ,അഷ്റഫ് തിരുവില്വാമല | 17500<br>30000 | 200000 | 152500 |

പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | പ്രീജ സുമേഷ്,എളനാട് | 17500<br>32000 | 200000 | 150500 |
| 2 | ചന്ദ്രിക മോഹനൻ,കല്ലേപ്പാടം | 17500 | 200000 | 182500 |
| 3 | വെള്ളച്ചി ചാമി,പഴയന്നൂർ | 17500 | 200000 | 182500 |

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | കാർത്ത്യാനി,w/o കുഞ്ഞൻ | 17500 | 200000 | 182500 |
| 2 | കരിമ്പി രാമൻ | 17500 | 200000 | 182500 |
| 3 | ഉഷ വേലായുധൻ,കുറുപ്പംതൊടി | 17500 | 200000 | 182500 |
| 4 | കാളി തേവൻ,കിള്ളിമംഗലം | 17500 | 200000 | 182500 |
| 5 | നബീസ വട്ടപറമ്പിൽ | 17500 | 200000 | 182500 |

വള്ളത്തോൾ ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | ചന്ദ്രിക ചന്ദ്രൻ കുട്ടി,നെടുംമ്പുര | 17500 | 200000 | 182500 |
| 2 | ശ്രീമതി , ജയരാജ്,ചെറുതുരുത്തി | 17500 | 200000 | 182500 |

| | | | | |
|---|---|---|---|---|
| 3 | കാർത്ത്യായനി കടുക്കാം പറമ്പിൽ,വെട്ടിക്കാട്ടിരി | 17500 | 200000 | - |
| | | 40000 | - | 140500 |
| 4 | ശോഭിനി തിലകൻ | 17500 | 200000 | 182500 |
| 5 | രമണിഭായ് വേലായുധൻ ,ചെറുതുരുത്തി | 17500 | 200000 | 182500 |
| 6 | സുകന്ദ പ്രഭാകരൻ | 17500 | 200000 | 157500 |
| | | 25000 | - | |
| 7 | സുശീല ,കാർത്ത്യായിനി, ചെറുതുരുത്തി | 17500 | 200000 | 182500 |
| 8 | പാറുക്കുട്ടി വേലു, പള്ളിക്കൽ | 17500 | 200000 | 157500 |
| | | 25000 | - | |

## 2015-16

2014-15 സാമ്പത്തിക വർഷത്തെ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളെ കൂടാതെ 2015-16 ൽ ഒരു ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ആളുകൾ ഗൃഹ നിർമ്മാണം പൂർത്തികരിച്ചതായി കാണുന്നില്ല.

### തിരുവില്വാമല ഗ്രാമഞ്ചായത്ത്

| ക്രമ നം | പേര് | ഇതുവരെ കൈപ്പറ്റിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | സുന്ദരി കൃഷ്ണൻകുട്ടി | 59500 | 200000 | 140500 |
| 2 | സവിധ കുമാരൻ,പാമ്പാടി | 17500 | 200000 | 182500 |
| 3 | കാർത്ത്യായനി രാജൻ,മണിയർക്കോട് | 17500 | 200000 | 182500 |
| 4 | ഉഷ ഉണ്ണികൃഷ്ണൻ,തിരുവില്വാമല | 17500 | 200000 | 182500 |
| 5 | സുജാത രാമചന്ദ്രൻ മലേശമംഗലം | 17500 | 200000 | 182500 |
| 6 | കൃഷ്ണൻകുട്ടി കറുപ്പൻ | 17500 | 200000 | 182500 |
| 7 | സരിത സത്യൻ | 17500 | 200000 | 182500 |
| 8 | ഇന്ദിര കുഞ്ഞുകുട്ടൻ,മലേശമംഗലം | 17500 | 200000 | 182500 |
| 9 | സൗജത്ത്,അബ്ബാസ് | 17500 | 200000 | 182500 |
| 10 | ആയിഷക്കുട്ടി സൈതലവി | 17500 | 200000 | 182500 |

### പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേര് | ഇതുവരെ കൈപ്പറ്റിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | രാധ.കെ,ചുവന്നമണ്ണ് | 17500 | 200000 | 182500 |
| 2 | കല്യാണി | 17500 | 200000 | 182500 |

| | | | | |
|---|---|---|---|---|
| | സുകുമാരൻ | | | |
| 3 | ചിന്ന മണി | 17500 | 200000 | 182500 |
| 4 | ജാനകി കുട്ടപ്പൻ | 17500 | 200000 | 182500 |
| 5 | സുന്ദരി ബാലകൃഷ്ണൻ | 17500 | 200000 | 182500 |
| 6 | കല്യാണി ഗോപാലൻ | 17500 | 200000 | 182500 |
| 7 | പാഞ്ചാലി കുഞ്ചൻ | 17500 | 200000 | 182500 |
| 8 | രാജു രാമൻ | 17500 | 200000 | 182500 |
| 9 | രാധ ഗോപി | 17500 | 200000 | 182500 |

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേര് | ഇതുവരെ കൈപ്പറ്റിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | സനിത കൃഷ്ണൻകുട്ടി,പൈങ്കുളം | 17500 | 200000 | 182500 |
| 2 | ഇന്ദിര മണി,കിളലിമംഗലം | 17500 | 200000 | 182500 |
| 3 | കുമാരി സുധാകരൻ,പൈങ്കുളം | 17500 | 200000 | 182500 |
| 4 | രജിത ,ഷൈജൻ ,കിള്ളിമംഗലം | 17500 | 200000 | 182500 |
| 5 | മാധവി രാമൻ | 17500 | 200000 | 182500 |
| 6 | ആമിന ഇബ്രാഹിം | 17500 | 200000 | 182500 |

വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേര് | ഇതുവരെ കൈപ്പറ്റിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | അമ്പിളി ജാനു ,പള്ളം | 17500 | 200000 | 182500 |
| 2 | നിഷ വെട്ടിക്കാട്ടിരി | 17500 | 200000 | 182500 |
| 3 | ഓമന മാധവൻ | 17500 | 200000 | 182500 |
| 4 | മിനി ജയരാജ് | 17500 | 200000 | 182500 |
| 5 | വള്ളി കോപ്പ | 17500 | 200000 | 182500 |
| 6 | സുലൈഖ സുലൈമാൻ | 17500 | 200000 | 182500 |
| 7 | നൂർജഹാൻ,ഷാഹുൽ ഹമീദ് | 17500 | 200000 | 182500 |
| 8 | ബിനി ജയൻ | 17500 | 200000 | 182500 |
| 9 | ജസീറ ഷൗക്കത്ത് അലി | 17500 | 200000 | 182500 |

കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേര് | ഇതുവരെ കൈപ്പറ്റിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | ലക്ഷ്മി രാമൻ ,കൊണ്ടാഴി | 17500 | 200000 | 182500 |
| 2 | ജാസ്മിൻ,ഷിജു | 17500 | 200000 | 182500 |
| 3 | കമലം കുമാരൻ | 17500 | 200000 | 182500 |

ചേലക്കര ഗ്രാമ പഞ്ചായത്ത്

| ക്രമ നം | പേര് | ഇതുവരെ കൈപ്പറ്റിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | നീലി ചാത്തു | 17500 | 200000 | 182500 |
| 2 | ശാന്തകുമാരി | 17500 | 200000 | 182500 |
| 3 | സരിത മണികണ്ഠൻ | 17500 | 200000 | 182500 |
| 4 | ഫാത്തിമ അബ്ദുൾ ഖാദർ | 17500 | 200000 | 182500 |
| 5 | കദീജ കരീം | 17500 | 200000 | 182500 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ വീട്ടു നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ ഉടനടി സ്വീകരിക്കേണ്ടതും ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 3-5 ടെണ്ടർ നെഗോസിയേഷൻ–തീരുമാനം നടപ്പാക്കിയില്ല-സപ്ലൈയർക്ക് അധിക തുക നൽകി.(2014-15)

പ്രോജക്ട്.നം-S0019/15

പ്രോജക്ട് -കമ്മ്യൂണിറ്റി ഹാളിലേക്ക് പാത്രങ്ങൾ,അടുക്കള നവീകരണം
നിർവ്വഹണോദ്യോഗസ്ഥൻ-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ട്രഷറി ബിൽ നം-20/20.3.15,149685/-

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള എളനാട് കമ്മ്യൂണിറ്റി ഹാളിലേക്ക് പാത്രങ്ങൾ, അടുക്കള നവീകരണം എന്നീ പ്രോജക്ടിനായി ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ സമർപ്പിച്ച 3 സപ്ലൈയർമാരിൽ നിന്നും കുറവു തുക ക്വാട്ട് ചെയ്ത വീക്കോ ട്രേഡിങ്ങ് ,തൃശ്ശൂർ എന്നവരുടെ ടെണ്ടർ അംഗീകരിച്ച് നെഗോസിയേഷൻ നടത്തുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.1.15 ലെ 7-ാം നമ്പർ തീരുമാനപ്രകാരം മൊത്തവിലയിൽ നിന്നും 3% വില കുറയ്ക്കാമെന്ന സ്ഥാപനത്തിന്റെ നെഗോസിയേഷൻ അംഗീകരിച്ചു കൊണ്ട് ടെണ്ടർ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നം.60/17.3.15 പ്രകാരം 149685/- രൂപയുടെ പാത്രങ്ങൾ സപ്ലൈ ചെയ്യുകയും ഡിഡിനം.885866/20.3.15 പ്രകാരം തുക 149685/- അനുവദിക്കുകയും ചെയ്തു. എന്നാൽ മൊത്ത വിലയിൽ നിന്നും 3% തുക കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ സപ്ലൈയർക്ക് 4490/- രൂപ (149685x3/100) അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ദേശീയോദ്ഗ്രഥന റാലി-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ

## ഉൾപ്പെടുന്നില്ല(2014-15)

പ്രോജക്ട്നം-6/15

ട്രഷറി ബിൽ നം.-17/20.3.15,49679/-

നിർവ്വഹണം-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 2015 ജനവരി 26 നോടനുബന്ധിച്ച് ദേശീയോദ്ഗ്രഥന റാലി നടത്തിയതിന് മേൽ ബിൽ പ്രകാരം 49,679/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, 1-ാം ഉപവകുപ്പ് നാലാം പട്ടികയിൽ വിശദീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഈ ഇനം ഉൾപ്പെടുന്നില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പ്രതിപാദിച്ചിട്ടുണ്ട്.
(ഓ.റി.2013-14 ഖണ്ഡിക നം. 3-5).

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കു വേണ്ടി വികസനഫണ്ട് വിനിയോഗിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 3-7 സാക്ഷരത തുല്യത-പഠിതാക്കളുടെ ഫീസ് -രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

| പ്രോജക്ട് നം | വർഷം | ട്രഷറിബിൽ നം | തുക |
|---|---|---|---|
| S0002/15 | 2014-15 | 16/20.3.15 | 52500 |
| S0005/16 | 2015-16 | 36/23.3.16 | 60000 |
| | | | 112500 |

പത്താംതരം തുല്യതാ പരീക്ഷയ്ക്ക് 2014-15 സാമ്പത്തിക വർഷം 35 പഠിതാക്കൾക്കും 2015-16 സാമ്പത്തികവർഷം 40 പഠിതാക്കൾക്കും ഫീസിനത്തിൽ മേൽ പറഞ്ഞ തുക കേരള സാക്ഷരതാമിഷന് കൈമാറുന്നതിനായി പിൻവലിച്ചിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ എസ്.സി ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നും, പഠിതാക്കൾക്ക് അതാതു ഗ്രാമപഞ്ചായത്തുകളിൽ ഇതേ ആവശ്യത്തിനു വേണ്ടി തുക സാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ടോ എന്നും നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.2014-15 സാമ്പത്തികവർഷം ഡിഡി കൈപ്പറ്റിയതായ നോഡൽ പ്രേരക് സി.ബി.സജീവന്റെ കൈപ്പറ്റ് രസീതി ലഭ്യമാക്കിയെങ്കിലും 2014-15, 2015-16 വർഷങ്ങളിൽ തുക കൈപ്പറ്റിയതായുള്ള കേരളസാക്ഷരതാമിഷൻ അതോറിറ്റിയുടെ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

2.2014-15, 2015-16 വർഷങ്ങളിലെ പഠിതാക്കളുടെ ഹാൾടിക്കറ്റ്, പത്താം തരം സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 112500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 സംയുക്ത പ്രോജക്ട്-മാർഗ്ഗരേഖ പാലിച്ചില്ല(2014-15)

പ്രോജക്ട്- പട്ടികവർഗ്ഗ ഭവനനിർമ്മാണം(S008/15)

നിർവ്വഹണോദ്യോഗസ്ഥൻ-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| ട്രഷറിബിൽ നം.തിയതി 8/27.10.14 | 78000 |
| ട്രഷറിബിൽ നം.തിയതി 21/23.3.15 | 31200 |
| ട്രഷറിബിൽ നം.തിയതി 23/25.3.15 | 46800 |

| | |
|---|---|
| ആകെ | 156000 |

പട്ടികവർഗ്ഗ ഭവനനിർമ്മാണം എന്ന മേൽ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ജി.ഒ.(എം.എസ്)നമ്പർ 362/13 തീയതി 16.11.13, ഖണ്ഡിക 11.13, viii ലെ സംയുക്തപ്രോജക്ടിന്റെ മാർഗ്ഗരേഖ ക്രമനം.viii(എൽ),viii(എം) എന്നിവ പ്രകാരം സംയുക്ത പ്രോജക്ടിന്റെ ഭാഗമായി തുക കൈമാറാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തുക കൈമാറുന്നതിനു മുമ്പ് തുക സ്വീകരിക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ അതിനുള്ള പ്രോജക്ട് ഉണ്ടോ, ഉണ്ടെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്ന പ്രകാരമുള്ള തുക പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. തുക സ്വീകരിക്കേണ്ട തദ്ദേശഭരണ സെക്രട്ടറിയുടെ രേഖാമൂലമുള്ള റിക്വസ്റ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറേണ്ടത്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രോജക്ടോ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിക്വസ്റ്റോ, ഗുണഭോക്തൃലിസ്റ്റോ, തുക കൈമാറിയതിന്റെ വിവരമോ, ഗ്രാമപഞ്ചായത്തിന്റെ കൈപ്പറ്റ് രസീതിയോ, വിനിയോഗസാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ ബിൽ പ്രകാരം പിൻവലിച്ച തുകകൾ പഴയന്നൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചതായി വാക്കാൽ അറിയിക്കുകയുണ്ടായി. രേഖകൾ ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനു മുമ്പ് മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവുതുക 156000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു. (2015-16)

പ്രോജക്ട്- പട്ടികവർഗ്ഗ ഭവനനിർമ്മാണം(S008/15)

നിർവ്വഹണോദ്യോഗസ്ഥൻ-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ട്രഷറിബിൽ നം.തിയതി- 1.18/17.12.15-104000

2.30/25.2.16-52000

ആകെ-156000

പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിനായി മേൽ പ്രോജക്ട് പ്രകാരം 156000/- പഴയന്നൂർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവുതുക 156000/-തടസ്സപ്പെടുത്തുന്നു.

## 3-10 ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ-രേഖകൾ ഹാജരാക്കിയില്ല

2014-15, 2015-16 സാമ്പത്തികവർഷങ്ങളിൽ സിഡിപിഒ നിർവ്വഹണം നടത്തിയ ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ പദ്ധതികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ട് | ട്രഷറിബിൽ നം | തുക |
|---|---|---|---|
| S0025/15 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ | 1/14-15 തീയതി 27.3.15 | 10,20,500 |
| S019/16 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ | 2/15-16 തീയതി 2.3.16 | 12,95,500 |
| | | | 23,16,000 |

2014-15, 2015-16 സാമ്പത്തികവർഷങ്ങളിൽ വാഹനം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| | 2014-15 | | 2015-16 |
|---|---|---|---|
| 1 | കൗസല്യ,മൂരായിൽപടി,ചേലക്കര | 1 | വിജയകുമാർ,കിണറ്റിങ്കൽ,പഴയന്നൂർ |

| | | | |
|---|---|---|---|
| 2 | സുനിൽ.എം.കിഴക്കേമാരിയിൽ,ചെറുതുരുത്തി | 2 | സുരേഷ്,തോട്ടത്തിപ്പറമ്പിൽ, |
| 3 | ഉണ്ണികൃഷ്ണൻ.എം.മണ്ടോരിതിൽ,തിരുവില്വാമല | 3 | മണികണ്ഠൻ,പുത്തൻവീട്ടിൽ |
| 4 | മണികണ്ഠൻ,നീളംപള്ളിയാൽ,എളനാട് | 4 | സൂസമ്മ, അരഞ്ഞാണിയിൽ |
| 5 | ഷാജിമോൻ.എം.എ,മാളിയേക്കൽ,എളനാട് | 5 | മിനി കുര്യാക്കോസ്. വാഴത്തോട്ടത്തിൽ |
| 6 | എബ്രാഹിം.പി.എം.പുതുരുതൊടിയിൽ, കുറുമല | 6 | ഗോപിനാഥൻ,വാഴക്കോട് കീർത്തിയിൽ |
| 7 | രജിനി.ടി.കെ.തേക്കിൻകാട് കോളനി,എളനാട് | 7 | ഗംഗാധരൻ,കീർത്തിയിൽ |
| 8 | ജയപാലൻ.എ.അമ്പലപ്പാട്ട്,തോന്നൂർക്കര | 8 | രംഗനാഥൻ,ധന്യനിവാസ്, തിരുവില്വാമല |
| 9 | ഗോപിനാഥൻ,കുറുമങ്ങാട്ടുപടി, തിരുവില്വാമല | 9 | രവി,പട്ടാണിപറമ്പിൽ, വെങ്ങാനെല്ലൂർ |
| 10. | ബാബൂ.വി.മടപ്പുള്ളിപടി,തിരുവില്വാമല | 10 | കുമാരൻ,കടുന്നക്കര,പഴയന്നൂർ |
| 11 | സബീന.കെ.എ,കുറുങ്ങാട്ടുകുളം ,എളനാട് | 11 | രാമചന്ദ്രൻ,പുതിയേടത്ത് |
| 12 | ബാലകൃഷ്ണൻനായർ,മുണ്ടിയാട്ടിൽ , ചേലക്കര | 12 | കാജാഹുസൈൻ,പുത്തൻപുര, എളനാട് |
| 13 | ഗണേഷ് വിശ്വനാഥ്, ഗണേഷ് നിവാസ്,പഴയന്നൂർ | 13 | കൃഷ്ണകുമാർ,വടക്കംപാട്ട് തൊടി |
| 14 | അബ്ദുൾഹക്കിം.പി.വി.പൊട്ടക്കാട്ടുവളപ്പിൽ, പഴയന്നൂർ | 14 | വിന്ദുജ.പി.പി.പുത്തൻവീട്ടിൽ.പരയ്ക്കാട് |
| 15 | വിജയകുമാർ,അച്ചാട്ടുപടി,പഴയന്നൂർ | 15 | ഉണ്ണിമഹേഷ്.താണിക്കൽ |
| | | 16 | ഉണ്ണികൃഷ്ണൻ,കിഴക്കേതിൽ, പൈങ്കുളം |
| | | 17 | രാമകൃഷ്ണൻ,തെക്കേതോട്ടത്തിൽ |
| | | 18 | ബാലകൃഷ്ണൻ,മേലേതിൽ |
| | | 19 | സ്വപ്ന.സി.കെ.സ്രാമ്പിക്കൽ |

2014-15

ടെണ്ടർ ക്ഷണിക്കൽ, ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി സാധനം വാങ്ങി വിതരണം നടത്തൽ എന്നിവയാണ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.12.14 ലെ 11-ാം നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയും കെൽട്രോണിൽ നിന്ന് 15 എണ്ണം സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വാഹനം കൈപ്പറ്റിയതായി ഗുണഭോക്താക്കൾ കൈപ്പറ്റ് രസീതി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്നവ ഹാജരാക്കിയിട്ടില്ല.

1.മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതിന്റെയും, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ പ്രസ്തുത വാഹനം ഉപയോഗിക്കാൻ പ്രാപ്തരാണെന്ന് മെഡിക്കൽ സംഘം സാക്ഷ്യപ്പെടുത്തിയതിന്റെയും വിവരം

2.ഗുണഭോക്താക്കളുടെ അപേക്ഷകൾ, വികലാംഗത തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം

3.വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

4.മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സാക്ഷ്യപത്രം.

2015-16

1.12.15 ലെ ദിനപത്രത്തിൽ (ഏതു ദിനപത്രത്തിലാണെന്ന വിവരം ലഭ്യമല്ല) വാഹനം ആവശ്യമായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ട് പത്രപരസ്യം നൽകിയിട്ടുണ്ട്. കൂടാതെ 29.12.15 ന് ബ്ലോക്ക് പഞ്ചായത്തിൽവെച്ച് മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് KELTRON നെ 22.12.15 ലെ B/ICDS/PZR/SOO17/15-16 കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതിന്റെയും, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ പ്രസ്തുത വാഹനം ഉപയോഗിക്കാൻ പ്രാപ്തരാണെന്ന് മെഡിക്കൽ സംഘം സാക്ഷ്യപ്പെടുത്തിയതിന്റെയും വിവരം

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 23,16,000/- തടസ്സപ്പെടുത്തുന്നു.

## 3-11 സാമൂഹ്യ സുരക്ഷാമിഷന് സംഭാവന- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

2014-15, 2015-16 സാമ്പത്തികവർഷങ്ങളിൽ സിഡിപിഒ നിർവ്വഹണം നടത്തിയ സാമൂഹ്യ സുരക്ഷാമിഷന് സംഭാവന എന്ന പ്രോജക്ടിൽ ട്രഷറിബിൽ പ്രകാരം പിൻലിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം | ട്രഷറിബിൽ നം/തിയതി | തുക | കുറിപ്പുകൾ |
|---|---|---|---|
| S0024/15 | 2-14-15 dt 27.3.15 | 500000 | ഹാജരാക്കിയ ഫയലിൽ ട്രഷറി ബിൽകോപ്പി മാത്രമാണ് ഉള്ളത്. പ്രോജക്ട്,തുക കൈമാറിയതിന്റെ വിവരം,തുക കൈപ്പറ്റിയതായുള്ള സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതി,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| S0052/16 | 1/15-16 dt 2.3.16 | 500000 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | | 10,00,000 | |

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 10,00,000/- തടസ്സപ്പെടുത്തുന്നു.

## 3-12 പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം- അപാകതകൾ (2014-15,2015-16)

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ,തിരുവില്വാമല

1) ട്രഷറിബിൽ നം-തിയതി-9/26.9.14-84038/-

25/12.1.16-115097/-

2014-15- പ്രോജക്ട് നം. 15/15
2015-16- പ്രോജക്ട് നം. S 07/16

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പെയിൻ & പാലിയേറ്റീവ് പ്രോജക്ടിന്റെ ഭാഗമായി കിടപ്പിലായ രോഗികൾക്ക് മരുന്നു വാങ്ങുന്നതിന് മേൽ ട്രഷറിബിൽ പ്രകാരം KMSCL ന് തുക നൽകിയിട്ടുണ്ട്. KMSCL ൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| ഇൻവോയ്സ് നം | തുക |
|---|---|
| PRF729/28.8.14 | 44703 |
| PRF730/28.8.14 | 27610 |

| | |
|---|---|
| PRF1362/7.12.15 | 108823 |
| ആകെ | 181136 |

സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന് തുക നൽകിയതിന്റെ വിശദാംശം, കൈപ്പറ്റ് രസീതി എന്നിവ ലഭ്യമാക്കിയില്ല. കൂടാതെ രണ്ടു വർഷങ്ങളിലും മുൻകൂറായി തുക KMSCL ന് കൈമാറിയെങ്കിലും നാളിതു വരെ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ആകെ 5781/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്. മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ട്രഷറി ബിൽ നം-27/14-15 തിയതി.17.1.15 തുക-8620/-

പെയിൻ&പാലിയേറ്റീവ് പ്രോജക്ടിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തിയതിന് വാഹനവാടകയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 20.12.14 ലെ ട്രിപ്ഷീറ്റ്പ്രകാരം(ചേലക്കര,മങ്ങാട്,കാളിയറോഡ്, പുലാക്കോട്, തെണ്ടൻകാവ്, കുറുമല, ചേലക്കര യാത്ര ) ബഷീർ എന്നവരുടെ KL9 G-9648 എന്ന വാഹനത്തിന് രണ്ടു തവണ 1250/- രൂപ വീതം വാഹനവാടക അനുവദിച്ചതായി കാണുന്നു. മേൽപ്രകാരം രണ്ടു തവണ വാടക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി-6/24.2.17).അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

3) തിരുവില്വാമല കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലുള്ള ജനറേറ്ററിന് ലോഗ് ബുക്ക് തയ്യാറാക്കേണ്ടതും, ഇന്ധനക്ഷമത സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-13 കെട്ടിട നിർമ്മാണപ്രൊജക്ടുകൾ ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിക്കുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ.ഉ.(എം.എസ്.)362/2013/ത.സ്വ.ഭ.വ തിയതി 16.11.13 ലെ ഖണ്ഡിക 11.13(XIV) പ്രകാരം ഒരു കെട്ടിടനിർമ്മാണപ്രവൃത്തി തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗപ്രദമാക്കാൻ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവക്ക് എസ്റ്റിമേറ്റിൽ ലംപ്സം ആയി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയായാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത്. തുകക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷപ്രോജക്ടായി ഏറ്റെടുക്കണം.

എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കെടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് ഓരോ വർഷവും എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നേടി ടെണ്ടർ ചെയ്ത് നടപ്പാക്കുകയും ചെയ്തുവരുന്നു. താഴെ പറയുന്ന രണ്ടു പ്രവൃത്തികൾ ഇത്തരത്തിൽ നിർവഹിച്ചവയാണ്.

1.കെ.കരുണാകരൻ സ്മാരക കമ്മ്യൂണിറ്റിഹാൾ നിർമ്മാണം

2012-13 ൽ ആരംഭിച്ച പ്രോജക്ടാണിത്. 40 ലക്ഷം രൂപക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. നാളിതുവരെ ഈ പ്രോജക്ടിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടേയും നടത്തിയ ചെലവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വൈദ്യുതീകരണം, കുടിവെള്ളസൗകര്യം എന്നിവ ചെയ്യാത്തതിനാൽ കമ്മ്യൂണിറ്റി ഹാൾ ഇതേവരെയും പ്രവർത്തനസജ്ജമായിട്ടില്ല.

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് തുക₹ | സാങ്കേതികാനുമതി | ചെലവഴിച്ച തുക |
|---|---|---|---|
| 50/14, 51/15 | 4000000 | 127/EE/10.12.13; 4000000 | ട്ര.ബി.നം.28/30.3.14;₹1109675 ചെക്ക് നമ്പർ: 1719670/26.9.14; ₹1477416 ട്ര.ബി.നം.1/30.9.14; |

| | | | |
|---|---|---|---|
| | | | ₹1390325 |
| 39/15 | 2500000 | 64/EE/12-13 /13.11.14; 2500000 | ട.ബി.നം.1/25.8.15; ₹2082315 |
| 38/16 | 4000000 | 61/EE/25.7.15; 3360000 | ട.ബി.നം.36/30.3.16; ₹3269429 |
| ആകെ | | | ₹9329160 |

എല്ലാ എസ്റ്റിമേറ്റുകൾക്കും സാങ്കേതികാനുമതി നൽകിയിരിക്കുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. മേൽ പരാമർശിച്ച ഉത്തരവിലെ ഖണ്ഡിക 12.4 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകാവുന്ന സാമ്പത്തികപരിധി 45 ലക്ഷം രൂപയാണ്. ഇതേവരെ 93 ലക്ഷത്തോളം രൂപ ചെലവഴിച്ച് കഴിഞ്ഞു. സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നേടേണ്ട സാഹചര്യം ഭാഗികമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുക വഴി ഒഴിവാക്കുകയാണ് ചെയ്തിരിക്കുന്നത്.

2.അഗ്രോസർവ്വീസ് സെന്റർ കെട്ടിട നിർമ്മാണം

2012-13 ൽ ആരംഭിച്ച പ്രോജക്ടാണിത്. 23 ലക്ഷം രൂപക്കാണ് ആദ്യമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. നാളിതുവരെയായി 34 ലക്ഷത്തോളം രൂപ ചെലവഴിച്ച് കഴിഞ്ഞു. ഈ പ്രോജക്ടിനായി തയ്യാറാക്കിയ പ്രോജക്ടുകളുടേയും നടത്തിയ ചെലവുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് തുക₹ | സാങ്കേതികാനുമതി₹ | ചെലവഴിച്ച തുക₹ |
|---|---|---|---|
| 40/13 | 2300000 | 51/EE/27.2.13; 2300000 | ട.ബി.നം. 5/28.2.15; ₹800000 |
| 40/15 | 600000 | 451/AEE/ 27.11.14; 600000 | ട.ബി.നം. 18/30.3.15; ₹600000 |
| 37/16 | 2100000 | 60/EE/25.7.15; 2100000 | ട.ബി.നം. 34/30.3.16; ₹2044869 |
| ആകെ | | | 3444869 |

ഇതുവരെ തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ ആകെ തുക 50 ലക്ഷം രൂപയാണ്. 50 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കാനുള്ള അധികാരം സൂപ്രണ്ടിംഗ് എഞ്ചിനീയർക്കാണ്. പല എസ്റ്റിമേറ്റുകളായി വിഭജിക്കുക വഴി സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നേടേണ്ടതായി വന്നില്ല. 34 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും അഗ്രോസർവ്വീസ് സെന്റർ കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടില്ല. ഒരു കെട്ടിടം പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താത്തതുമൂലം ചെലവഴിച്ച തുകയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കാൻ കാലതാമസം നേരിട്ടിരിക്കുന്നു. ഈ രണ്ടു പ്രവൃത്തികളും എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ഇപ്രകാരം ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കുക വഴി മേൽ പറഞ്ഞ രണ്ടു പ്രവൃത്തികളിലും അധികചെലവ് സംഭവിച്ചിട്ടുണ്ടോയെന്നും ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 3-14 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണപ്രവൃത്തി-ആസൂത്രണത്തിലെ അപാകതകൾ

സംരക്ഷണഗ്രാന്റ് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) 330/2004 തസ്വഭവ/9.12.14 പ്രകാരം സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ

അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും സംരക്ഷണഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. ഇതിനായി സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഒരു യോഗം തദ്ദേശഭരണസ്ഥാപനത്തിൽ വിളിച്ചുചേർത്ത് ഓരോ സ്ഥാപനത്തിനും ഓഫീസിനും ആവശ്യമായ അറ്റകുറ്റപ്പണികൾ തിട്ടപ്പെടുത്തേണ്ടതാണ്. 12 ാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്.)362/2013/ത.സ്വ.ഭ.വ തീയതി 16.11.13 ലെ ഖണ്ഡിക 11.13(X) ൽ ആസ്തി സംരക്ഷണപരിപാലന പദ്ധതി നിർവ്വഹിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളുണ്ട്. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്-റോഡിതര ആസ്തിയുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവിയിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അനുബന്ധം 11 പ്രകാരമുള്ള പ്രഫോർമയിൽ പ്രോജക്റ്റ് നിർദ്ദേശങ്ങൾ സ്വരൂപിക്കണം. മെയിന്റനൻസ് പ്ലാനിന് അന്തിമരൂപം നൽകുന്നതിന് മുമ്പായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. പ്രസ്തുതയോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

എന്നാൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ സംരക്ഷണ പ്രവൃത്തികളിൽ ഈ നടപടിക്രമങ്ങൾ പാലിക്കുന്നില്ലെന്ന് ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. തിരുവില്വാമല, പഴയന്നൂർ, ചേലക്കര എന്നിവിടങ്ങളിലെ സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾ, പട്ടികജാതി തൊഴിൽപരിശീലനകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവയുടെ സംരക്ഷണപ്രവൃത്തികൾ ഇതിന് ഉദാഹരണങ്ങളാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എല്ലാ വർഷവും പുതിയ പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു. എന്നാൽ സമഗ്രമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നില്ല. തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ഇനങ്ങൾക്ക് പിന്നീട് സ്ഥാപനമേധാവിയുടേയും മറ്റും ആവശ്യാനുസരണം മാറ്റം വരുത്തേണ്ടിവരുന്നു. കഴിഞ്ഞ വർഷം തുക ചെലവഴിച്ച രണ്ടു പ്രവൃത്തികളിൽ കരാറിലേർപ്പെട്ടതിനുശേഷമാണ് എസ്റ്റിമേറ്റിലെ മുഴുവൻ ഇനങ്ങളും മാറ്റി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഭൂരിഭാഗം എസ്റ്റിമേറ്റുകളിലും വലിയ തോതിലുള്ള പുതുക്കലുകൾ ആവശ്യമായി വന്നു. സ്ഥാപനത്തിലാവശ്യമായ സംരക്ഷണപ്രവൃത്തികളുടെ ആവശ്യകത നിർണ്ണയം കുറ്റമറ്റരീതിയിൽ നടക്കുന്നില്ലെന്ന് മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|---|
| തിരുവില്വാമല സി.എച്ച്.സി. മെയിന്റനൻസ് | 77/14, 50/15(സ്പിൽ ഓവർ) | 300000 | 174248(2013-14) 96394 (ട്ര.ബി.6/28.2.15) | എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട് |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് (പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ മുറ്റം ഷീറ്റ് മേയൽ) | 36/15 | 109248 | 97955 (ട്ര.ബി.7/26.3.15) | എസ്റ്റിമേറ്റിലുണ്ടായിരുന്ന രണ്ടിനങ്ങളും ടെണ്ടർ ചെയ്തതിന് ശേഷം ഒഴിവാക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അതേ കരാറുകാരനെ കൊണ്ടു തന്നെ പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. |
| തിരുവില്വാമല സി.എച്ച്.സി.മെയിന്റനൻസ് | 44/16 | 792446 | 659284 (ട്ര.ബി.40/30.3.16) | എസ്റ്റിമേറ്റിലുണ്ടായിരുന്ന ഇനങ്ങളെല്ലാം ടെണ്ടർ ചെയ്തതിന് ശേഷം ഒഴിവാക്കി. ഏറ്റെടുത്ത കരാറുകാരനെ കൊണ്ടു തന്നെ പുതുക്കിയ എസ്ററിമേറ്റ് പ്രകാരം നടപ്പാക്കി. |
| പഴയന്നൂർ സി.എച്ച്.സി മെയിന്റനൻസ് | 45/16 | 800000 | 767650 (ട്ര.ബി.52/31.3.16) | ആദ്യത്തെ എസ്റ്റിമേറ്റിൽ 10 ഇനങ്ങളാണുണ്ടായിരുന്നത്. |

| | | | | |
|---|---|---|---|---|
| | | | | പുതുക്കിയ എസ്റ്റിമേറ്റിൽ ആദ്യത്തെ എസ്റ്റിമേറ്റിലെ 3 ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 23 എക്സ്ട്രാ ഇനങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി. |
| ചേലക്കര സി.എച്ച്.സി. മെയിന്റനൻസ് | 46/16 | 1200000 | 676033 (ട.ബി.27/26.3.16) 472341 (ട.ബി.28/26.3.16) | എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട് |

പദ്ധതി മാർഗ്ഗരേഖയിലും സംരക്ഷണഗ്രാന്റ് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലുമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-15 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

2015-16 വർഷത്തിൽ 40 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതായും 4 പ്രവൃത്തികൾ റീ ഇ-ടെണ്ടർ ചെയ്തതായും ടെണ്ടർ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള ചുമതലകൾ മറികടന്ന് മരാമത്ത് പ്രവൃത്തികൾ നടത്തി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് ,1 ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 4ാം പട്ടികയിൽ ചേർത്തിട്ടുണ്ട്. പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ നിർവഹിക്കേണ്ട മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലെ 9ാമത്തെ ഇനം മരാമത്ത് പ്രവൃത്തികളാണ്. മരാമത്ത് പ്രവൃത്തികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ താഴെ പറയുന്നവയാണ്.

1. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഒന്നിലധികം വില്ലേജ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടേയും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുള്ള റോഡുകളുടേയും സംരക്ഷണപ്രവൃത്തി
2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കൽ

എന്നാൽ നിയമപ്രകാരമുള്ള ചുതലകൾ മറികടന്ന് താഴെ പറയുന്ന പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിവരുന്നു.

1. റോഡ് നിർമ്മാണപ്രവൃത്തികൾ
    1. 2014-15, 2015-16 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | റോഡ് പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക₹ |
|---|---|---|
| 2014-15 | 13 | 5488961 |

| | | |
|---|---|---|
| 2015-16 | 20 | 9443311 |

റോഡ് ഫോർമേഷൻ, സോളിംഗ്, മെറ്റലിംഗ്,ടാറിംഗ്, റീടാറിംഗ് തുടങ്ങിയ എല്ലാ പ്രവൃത്തികളും നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടത്തിയ റോഡുകൾ ഒന്നിലധികം വില്ലേജ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളാണെന്ന് ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകൾക്കാകട്ടെ സ്വന്തമായി റോഡുകളുടെ ചുമതലയുമില്ല. ജി.ഒ.(ആർ.ടി.)നം.2769/14 ത.സ്വ.ഭ.വ 21.8.14 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഒരു റോഡിന് 5 ലക്ഷം രൂപ വകയിരുത്തുകയും റോഡിന്റെ വീതി 5 മീറ്റർ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തപ്രോജക്ട് ഏറ്റെടുക്കാമെന്ന് പറയുന്നു. എന്നാൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രോജക്ടുകളായിട്ടല്ല റോഡ് നിർമ്മാണപ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്നത്. മാത്രമല്ല 5 മീറ്ററിലും കുറവ് വീതിയുള്ള റോഡുകളുടെ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/പേര് | അടങ്കൽ₹ | ചെലവഴിച്ച തുക₹ | റോഡിന്റെ വീതി |
|---|---|---|---|
| 60/16,ലക്ഷ്മി നാരായണ അമ്പലം റോഡ് | 500000 | 402331 (ട്ര.ബി. 56/31.3.16) | 3 മീറ്റർ |
| 42/15, യത്തീംഖാന റോഡ് റീടാറിംഗ് | 500000 | 497586 (ട്ര.ബി. 11/26.3.15) | 3 മീറ്റർ |
| 46/15,ചോലമ്മക്കാവ് ചെറിയക്കൻ തൊടി റോഡ് റീടാറിംഗ് | 404084 | 404084 (ട്ര.ബി. 13/26.3.15) | 4 മീറ്റര് |

2. കെ.കരുണാകരൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

ബ്ലോക്ക് പഞ്ചായത്തിന് രണ്ടിനം മരാമത്ത് പ്രവൃത്തികളെ നിർവ്വഹിക്കാൻ ചുമതലയുള്ളൂ. എന്നാൽ ഇതിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഉൾപ്പെടുന്നില്ല. കെ.കരുണാകരൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 94 ലക്ഷത്തോളം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമപ്രകരമുള്ള ചുമതലകൾ മറികടന്ന് മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അധികാരമില്ലാത്തതാണ്. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 കോടതി വിധി പ്രകാരം പ്രവൃത്തി അവസാനിപ്പിച്ച് തുക നല്കിയത്- രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

നബാർഡ്- RIDF ഫണ്ടുപയോഗിച്ച് ആരംഭിച്ച മാപ്പിളക്കുളമ്പ് പറക്കോട് അമല്ലൂർ കാനാശ്ശേരി പ്രവൃത്തി ദീർഘകാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. കരാറുകാരനായ ശ്രീ. എ.ജി.വിജയകുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന W.P.(C) 6559/2011 കേസിൽ പ്രവൃത്തി നിലവിലെ അവസ്ഥയിൽ അവസാനിപ്പിച്ച് അളവെടുത്ത് കരാറുകാരന് ബാക്കി തുക നൽകാനും സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകാനും 26.9.14 ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിച്ചതിൽ കരാറുകാരന് നൽകാനുള്ള ബാക്കി തുകയായി 170575രൂപ സെക്രട്ടറിയുടെ ട്രഷറി ബിൽ 15/11.2.15പ്രകാരം (പ്രോജക്ട് നം. 58/15) പിൻവലിച്ച് നൽകിയിട്ടുണ്ട്. ഇതു കൂടാതെ റീടെൻഷൻ തുകയായി 726284 രൂപയും(വൗ.21401646/11.11.2014;₹546509,വൗ.21401647/11.11.2014;₹179775) സെക്യൂരിറ്റി ഡെപ്പോസിറ്റും കരാറുകാരന് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ചുള്ള താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിപകർപ്പ്
2. നൽകാനുള്ള തുക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ
3. ഇതുവരെ നടത്തിയ പെയ്മെന്റുകളുടെ ബില്ലുകളും ഓരോ പാർട്ട് ബിൽ നൽകിയപ്പോഴും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മെമ്മോറാണ്ടം ഓഫ് പെയ്മെന്റ്സും

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നതുവരെ 896859രൂപയുടെ(170575+726284 )ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ടെലഫോൺ വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനും,സെക്രട്ടറിയ്ക്കും അധിക തുക അനുവദിച്ചു

സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ:201/2006/ത.സ്വ.ഭ.വ. തിയ്യതി:19-08-2006 പ്രകാരം ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് പ്രതിമാസം ₹500/- കവിയരുതെന്ന വ്യവസ്ഥയിൽ ടെലഫോൺ അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഴയന്നൂർ ബ്ലോക്ക്പ്രസിഡന്റിന് 2013 ഡിസംബർ മുതൽ 2015 ജൂലായ് മാസം വരെ (20 മാസത്തെ) ടെലഫോൺ അലവൻസിനത്തിൽ ₹9900/-, 25-08-2015ലെ ചെക്ക് നമ്പർ:1674024 മുഖേനെ ഒറ്റത്തവണയായി അനുവദിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ :16/2012/ത.സ്വ.ഭ.വ. തിയ്യതി:23-01-2012 പ്രകാരം ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ,സെക്രട്ടറി, വൈസ് പ്രസിഡന്റുമാർ എന്നിവരെ ബി.എസ്.എൻ.എൽ. സി.യു.ജി സംവിധാനത്തിൽ ഉൾപ്പെടുത്തുകയും, ആയതു പ്രകാരം,ജില്ലാ/ബ്ലോക്ക് പ്രസിഡന്റുമാർ,സെക്രട്ടറി, വൈസ് പ്രസിഡന്റുമാർ എന്നിവർക്ക് പ്രതിമാസം ₹199/-ടെ പ്ലാനിൽ ഉൾപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം ഈ ഇനത്തിൽ അനുവദിയ്ക്കാവുന്ന പരമാവധി തുക താഴെ പറയുംപ്രകാരമാണ്.

ഫിക്സഡ് മന്തിലി ചാർജ്ജ് :₹199.00+

സർവ്വീസ് ടാക്സ് @12% :₹ 23.88

എഡ്യൂക്കേഷണൽ സെസ്,സർവ്വീസ് ടാക്സിന്റെ2% :₹ 0.48

സെക്കന്ററി ആന്റ് ഹയർ സെക്കന്ററി

എഡ്യൂക്കേഷണൽ സെസ്,സർവ്വീസ് ടാക്സിന്റെ1% :₹ 0.24

ആകെ :₹ 224.00

മേൽ പറഞ്ഞ രണ്ടു ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ബ്ലോക്ക്പ്രസിഡന്റിന്, അനുവദിയ്ക്കാവുന്ന പരമാവധി തുക ₹724/-ഉം, ബ്ലോക്ക്സെക്രട്ടറിയ്ക്ക് അനുവദിയ്ക്കാവുന്ന പരമാവധി തുക ₹224/-ഉം ആണ്.

ബ്ലോക്ക്പ്രസിഡന്റിനും(ഫോൺ നമ്പർ:8281040188), ബ്ലോക്ക്സെക്രട്ടറിയ്ക്കും(ഫോൺ നമ്പർ:8281040588) താഴെ പറയും പ്രകാരം ബി.എസ്.എൻ.എൽ. സി.യു.ജി കണക്ഷൻ വാടകയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

| മാസം | ബ്ലോക്ക്പ്രസിഡന്റിന് അനുവദിച്ച തുക | | | ബ്ലോക്ക്സെക്രട്ടറിയ്ക്ക് അനുവദിച്ച തുക | | | ചെക്ക് നമ്പർ |
|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് | |
| ഏപ്രിൽ 2014 | 799 | 224 | 575 | 347 | 224 | 123 | 1719607<br>23.4.14 |
| മെയ് 2014 | 798 | 224 | 574 | 451 | 224 | 227 | 1719618<br>20.5.14 |
| ജൂൺ 2014 | 563 | 224 | 339 | 300 | 224 | 76 | 1719630<br>19.6.14 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജൂലൈ 2014 | 632 | 224 | 408 | 341 | 224 | 117 | 1719642<br>18.7.14 |
| ആഗസ്റ്റ് 2014 | 720 | 224 | 496 | 284 | 224 | 60 | 1719659<br>21.8.14 |
| സെപ്റ്റംബർ 2014&<br>ഒക്ടോബർ 2014 | 1358 | 224 | 910 | 661 | 224 | 213 | 1719677<br>9.10.14 |
| നവംബർ 2014 | 523 | 224 | 299 | 355 | 224 | 131 | 1719696<br>17.11.14 |
| ഡിസംബർ 2014 | 393 | 224 | 169 | 316 | 224 | 92 | 1979010<br>18.12.14 |
| ജനവരി 2015 | 581 | 224 | 357 | 257 | 224 | 33 | 1979019<br>14.01.15 |
| ഫെബ്രുവരി 2015 | 459 | 224 | 235 | 264 | 224 | 40 | 1979036<br>16.02.15 |
| മാർച്ച് 2015 | 496 | 224 | 272 | 261 | 224 | 37 | 1979045<br>18.3..15 |
| ഏപ്രിൽ 2015 | 935 | 224 | 711 | 224 | 224 | 0 | 1979058<br>18.4.15 |
| മെയ് 2015 | 688 | 224 | 464 | 251 | 224 | 27 | 1979066<br>18.5.15 |
| ജൂൺ 2015 | 808 | 224 | 584 | 241 | 224 | 17 | 1979077<br>17.6.15 |
| ജൂലൈ 2015 | 493 | 224 | 269 | 241 | 224 | 17 | 1674007<br>15-7-15 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആകെ | | | 6662 | ആകെ | | 1210 | |

മേൽ പട്ടികയിൽ സൂചിപ്പിച്ചപോലെ ബ്ലോക്ക്പ്രസിഡന്റിന്, ₹6662/-ഉം, ബ്ലോക്ക്സെക്രട്ടറിയ്ക്ക് ₹1,210/-ഉം ക്രമവിരുദ്ധമായി അധികം അനുവദിച്ചിരിയ്ക്കുന്നു. ആയത് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. മേൽ പറഞ്ഞ അധികതുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചു പിടിച്ച് സഞ്ചിത നിധിയിൽ തിരികെ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:10 തിയ്യതി:27-02-2017)

## 3-19 നിയമസാധുതയില്ലാത്ത ബില്ലുകൾ ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നു

ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി, ക്വട്ടേഷൻ/ടെണ്ടർ നടപടി കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ "പെറ്റി പർച്ചെയ്സ്" വ്യവസ്ഥയിൽ പല സാധനങ്ങളും വാങ്ങിയത് വിൽപ്പന നികുതി നിയമം അനുശാസിക്കും വിധത്തിലുള്ള ഫോം-8-ലുള്ള ബില്ലുകളിലൂടെയല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉപകരണങ്ങളുടെ പേര് | ബിൽ നം. | ചെക്ക് നം. | തുക |
|---|---|---|---|---|---|
| 1 | നിതിൻ ഇലക്ട്രിക്കൽസ്, പഴയന്നൂർ | ഫാൻ, സി.എഫ്.എൽ, ഫ്യൂസ്, വയർ തുടങ്ങിയവ | ഇല്ല | 2666024 13-10-15 | 1522 |
| 2 | നിതിൻ ഇലക്ട്രിക്കൽസ്, പഴയന്നൂർ | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള സാധനങ്ങൾ | ഇല്ല | 16747033 | 3064 |
| 3 | ഇല്ല | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ELCB, Fan അനുബന്ധ ഉപകരണങ്ങൾ | ഇല്ല | 1979067 28-5-15 | 3560 |
| 4 | ഇല്ല (ബില്ലിനു പകരമുള്ള കുറിപ്പിൽ എസ്റ്റിമേറ്റ് എന്നു രേഖപ്പെടുത്തിയിരിയ്ക്കുന്നു) | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പാനൽ ബോർഡ് മാറുന്നതിന് ഉപകരണങ്ങൾ | ഇല്ല | 1719700 21-11-14 | 7940 |
| 5 | ഇല്ല | ചേലക്കര SGSY ഇൻഫ്രാ സ്ട്രക്ച്ചർ കെട്ടിടത്തിലേയ്ക്ക് ഫാൻ,ട്യൂബ്എന്നിവ വാങ്ങിയത് | ഇല്ല | 1719681 13-10-14 | 2950 |
| 6 | ഇല്ല, | SC&ST ഡവലപ്പ്മെന്റ് ഓഫീസിൽ കമ്പ്യൂട്ടറിന്റെ വയറിങ്ങ് പ്രവർത്തിയ്ക്ക് സാധനങ്ങൾ വാങ്ങിയത് | ഇല്ല | 1719616 13-05-14 | 12361 |
| | | | | | 31397 |

നിയമസാധുതയില്ലാത്ത ബില്ലുകളിലൂടെ നടത്തുന്ന വാങ്ങലുകളുടെ സുതാര്യതയും, വിശ്വസ്തതയും ഉറപ്പു വരുത്താൻ സാധിക്കുകയില്ല. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പോലുള്ള ഉത്തരവാദിത്തമുള്ള സ്ഥാപനങ്ങളിൽ നടത്തുന്ന വാങ്ങലുകളിൽ ഇത്തരം പ്രവണതകൾ പ്രോത്സാഹിപ്പിയ്ക്കാവുന്നതല്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കുകയുണ്ടായില്ല.വിശദീകരണം ലഭ്യമാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച തുക 31397/-

തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം:17 തിയ്യതി:27-02-2017)

## 3-20 ടോട്ടൽ സാനിറ്റേഷൻ ക്യാമ്പെയിൻ (2014-15,2015-16)- അക്കൗണ്ടിൽ നീക്കിയിരിപ്പ് 45,68,333/- രൂപ

(നിർവ്വഹണ ഉദ്യോഗസ്ഥൻ:ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ)

2012-13,2013-14 സാമ്പത്തിക വർഷങ്ങളിലെ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണത്തിന് ₹4600/- അധിക സഹായം നല്കത്തക്ക രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രസ്തുത രണ്ടു വർഷങ്ങളിലായി ബ്ലോക്ക് പഞ്ചായത്തിൽ ആകെയുണ്ടായിരുന്ന ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളുടെ എണ്ണം 1010 ആണ്. ആയതിൽ 519 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചതായി രേഖകളിൽ കാണുന്നു. എന്നാൽ ടോട്ടൽ സാനിറ്റേഷൻ ക്യാമ്പെയിൻ പദ്ധതി പ്രകാരം ഇതിൽ എത്ര ഗുണഭോക്താക്കൾക്ക് നാളിതുവരെ ധനസഹായം നല്കിയെന്ന വിവരം ലഭ്യമല്ല.കൂടാതെ ഈ പദ്ധതിയുടെ വിതരണ രജിസ്റ്ററിൽ നാല്പ്പതോളം വരുന്ന ഗുണഭോക്താക്കൾക്ക് ഭാഗികമായി ധനസഹായം അനുവദിച്ചുകാണുന്നു. ഇവർ നാളിതുവരെ പണിപൂർത്തീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തികാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം:23 തിയ്യതി:02-03-2017) .

പഞ്ചാബ് നാഷണൽ ബാങ്ക് പഴയന്നൂർ ശാഖയിലുള്ള (a/c no.4335 0000 1000 49869) പദ്ധതിയുടെ അക്കൗണ്ടിൽ 31-03-2016 തിയ്യതിയിൽ,₹45,68,333.96 നീക്കിയിരിപ്പുള്ളതാണ്. കേരളത്തിലെ ഗ്രാമീണമേഖല മുഴുവൻ "വെളിയിട വിസർജ്ജവിമുക്ത പദവി" ആർജ്ജിച്ചിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഇത്ര ഭീമമായതുക ഈ ഇനത്തിൽ നീക്കിയിരിപ്പുള്ളത് പരിശോധിയ്ക്കേണ്ടതും, ഈ തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് സത്വര നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

## 3-21 ടെണ്ടർ ഫാറം വിൽപ്പന, വാറ്റ് അടവാക്കിയതിന്റെ രശീതി/ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2014-15 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വില്പന നടത്തിയ ടെണ്ടർ ഫാറത്തിന്റെ വിലയോടൊപ്പം ഈടാക്കി, ബ്ലോക്ക് തനതു ഫണ്ടിൽ ഒടുക്കിയരുന്ന വില്പന നികുതി തുകയായ ₹5592/, വില്പന നികുതി വകുപ്പിൽ അടവാക്കുന്നതിനായി ,02-12-2014ലെ ചെക്ക് നമ്പർ:1979005 മുഖേനെ ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വില്പന നികുതി വകുപ്പിൽ അടവാക്കിയിന്റെ ട്രഷറി ചലാൻ/രശീതി പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. മേൽ പറഞ്ഞ രേഖയുടെ അഭാവത്തിൽ,₹5592 ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-22 ഐ.എ.വൈ ഭവനനിർമ്മാണം -ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയും വാച്ച് രജിസ്റ്ററിലെ കൈപ്പറ്റം വ്യത്യസ്തം

2015-16 സാമ്പത്തികവർഷം ഐ.എ.വൈ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയും വാച്ച് രജിസ്റ്ററിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തതിലൂടെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം. | ചെക്ക് നം/തിയതി | ഗുണഭോക്താവ് | അക്കൗണ്ട് നം | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് | രജിസ്റ്റർ പ്രകാരം കൈപ്പറ്റിയത് | അധികമായി അക്കൗണ്ടിലേക്ക് അനുവദിച്ചത് | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|---|
| 1 | 246285/ 19.10.15 തുക-1501500/- | കുഞ്ഞിലക്ഷ്മി, വലിയപറമ്പിൽ തിരുവില്വാമല 2014-15(75) | 17. 130964 | 30000 | 25000 | 5000 | 199652/- (ഭവനനിർമ്മാണം പൂർത്തീകരിച്ചു) |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 99596/ 28.1.16-2091584/- | സരസ്വതി സ്വാമിനാഥൻ, തെക്കേചിറയ്ക്കൽ, കൊണ്ടാഴി 2015-16(85) | 17. 137666 | 32000 | 27652 | 4348 | 199652/- (ഭവനനിർമ്മാണം പൂർത്തീകരിച്ചു) |
| 3 | “ | സഫിയ ഇസ്മായിൽ പാറയ്ക്കൽ കമ്പളക്കോട്,പഴയന്നൂർ 2015-16(228) | 17. 137532 | 48000 | 32000 | 16000 | 149652/- (അധികമായി അനുവദിച്ച തുക അടുത്ത ഗഡുവിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.) |
| 4 | 1258/ 10.4.15 | ശാന്ത സുന്ദരൻ, പള്ളിക്കാട് ഹൗസ് കല്ലേപ്പാടം | 17. 74237 | 42000 | 32000 | 10000 | 199652/- (ഭവനനിർമ്മാണം പൂർത്തീകരിച്ചു) |
| 5 | 1258/ 10.4.15 | നബീസ ഹംസ, പിലാത്തോട്ടത്തിൽ, ചേലക്കര | - | 42000 | 32000 | 10000 | 199652/- (ഭവനനിർമ്മാണം പൂർത്തീകരിച്ചു) |
| | | | | | | 45348 | |

ക്രമ നമ്പർ 3 ൽ അധികമായി അക്കൗണ്ടിലേക്ക് അനുവദിച്ച തുക തുടർന്നു നൽകുന്ന ഗഡുക്കളിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ടതും അതൊഴികെയുള്ള ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽപറഞ്ഞവ കൂടാതെ താഴെ കൊടുത്തിരിക്കുന്ന ഐ.എ.വൈ ഭവന നിർമ്മാണത്തിനായി പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം നൽകിയതു സംബന്ധിച്ച അപാകതകൾ താഴെ പറയുന്നു.ഓഡിറ്റ് എൻക്വയറി 22/02.03.2017 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1)

| ചെക്ക് നം | ഗുണഭോക്താവ് | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | റിമാർക്സ് |
|---|---|---|---|
| 999492/18.04.2015 | സാറ ചേലക്കര | 25000/- | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം സൂചിപ്പിച്ച പഞ്ചായത്തിലെ ഗുണഭോക്താവിന് വാച്ച് രജിസ്റ്ററിൽ നൽകിയതായി കാണുന്നില്ല. |
| 999579/29.12.15 | നബീസ,ചേലക്കര | 24000/- | രൂപ നൽകയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാച്ച് രജിസ്റ്ററിൽ ഈ ചെക്കു നമ്പറിൽ ഈ തുക നലികിയതായി കാണുന്നില്ല |
| 1296/29.12.15 | നബീസ,ചേലക്കര | 10152/- | രൂപ നൽകിയതായി പറയുന്നുണ്ടെങ്കിലും വാച്ച് രജിസ്റ്ററിൽ ഈ വിവരങ്ങൾ ഇല്ല. |

2) ചെക്ക് നം 1237/3.3.15 പ്രകാരം PNB A/c no 34502ൽ നിന്നു 389912/- ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ചിട്ടുണ്ട്.എന്നാൽ ഈ തുക ഗുണഭോക്താക്കൾക്കായി നൽകാൻ ബാങ്കിലേക്കു നൽകുന്ന വിതരണ ലിസ്റ്റിൽ നിന്ന് പ്യാരിജാൻ ,പാലാട് ,പഴയന്നൂർ എന്ന വ്യക്തിക്ക് നൽകാനുള്ള 30000/- രൂപ കുറച്ച് 359912/- രൂപയാണ് രേഖപ്പെടുത്തികാണുന്നത്.ചെക്കു പ്രകാരം പിൻവലിച്ച 389912 രൂപയിൽ ഉൾപ്പെട്ട 30000/- രൂപയുടെ വിതരണവിവരം ഹാജരാക്കേണ്ടതാണ്.അല്ലാത്തപക്ഷം അധികമായി പിൻവലിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3)ചെക്ക് നം 1168/22.8.14 PNB നിന്ന് പിൻവലിച്ച തുക 62152 /- രൂപ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 52152/- രൂപ എന്നാണ്.(10000/- രൂപ കുറവ്) ചെക്കു പ്രകാരം പിൻവലിച്ച 62152 രൂപയിൽ ഉൾപ്പെട്ട 10000/- രൂപയുടെ

വിതരണവിവരം ഹാജരാക്കേണ്ടതാണ്.അല്ലാത്തപക്ഷം അധികമായി പിൻവലിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 കമ്പ്യൂട്ടർ റിപ്പയറിനായി ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഏർപ്പെടുത്തേണ്ടതാണ്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 14-15, 15-16 വർഷങ്ങളിൽ പല പ്രാവശ്യമായി കമ്പ്യൂട്ടർ റിപ്പയർ ചെയ്യുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. 2014-15 ൽ 16532 രൂപയും , 2015-16 വർഷത്തിൽ 14265രൂപയും ചെലവ് ചെയ്തിട്ടുണ്ട് . ഇടയ്ക്കിടെ റിപ്പയർ വേണ്ടി വരുന്നതിനാൽ ഇക്കാര്യത്തിനായി ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഏർപ്പെടുത്തി ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (14-15) | 176365677 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(14-15) | 158351101 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (15-16) | 187760987 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(15-16) | 200504144 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | 13612 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4674348 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-5 | | 4490 | ജയ് . പി ബാൽ സെക്രട്ടറി |
| 3-12 | | 1250 | ഡോ, പ്രമീള റാണി. ടി . എം., മെഡിക്കൽ ഓഫീസർ , സി എച്ച് സി , |
| 3-18 | | 7586<br>286 | ശ്രീ.ജയ്.പി.ബാൽ,സെക്രട്ടറി ശ്രീ.പി.ആർ.ഷിനോദ് ,സെക്രട്ടറി |
| | ആകെ | 13612 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 52500 | ജയ്. പി. ബാൽ, സെക്രട്ടറി |
| 3-7 | 60000 | വി. ജെ . ജോസഫ്, സെക്രട്ടറി. |
| 3-8 | 78000 | ജയ്. പി. ബാൽ, സെക്രട്ടറി |
| 3-8 | 31200 | ജയ്. പി. ബാൽ, സെക്രട്ടറി |
| 3-8 | 46800 | ജയ്. പി. ബാൽ, സെക്രട്ടറി |
| 3-9 | 156000 | വി. ജെ . ജോസഫ്, സെക്രട്ടറി. |
| 3-10 | 1020500 | ജയ്. പി. ബാൽ, സെക്രട്ടറി |
| 3-10 | 1295500 | വി. ജെ . ജോസഫ്, സെക്രട്ടറി. |
| 3-11 | 1000000 | എ. സരസ്വതി, സി . ഡി.പി. ഒ |
| 3-17 | 896859 | ജയ്. പി. ബാൽ, സെക്രട്ടറി |
| 3-19 | 31397 | വി. ജെ . ജോസഫ്, സെക്രട്ടറി. |
| 3-21 | 5592 | എം.കെ.സജീവ്, അസി.എക്സി.എഞ്ചിനീയർ |
| ആകെ | 4674348 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ജയ് .പി. ബാൽ, സെക്രട്ടറി | എ.ഡി.സി(പി. എ), മലപ്പുറം | പുതുവഴി വീട്, താണിപ്രിയ , മുതുവറ. പി. ഒ, പുഴയ്ക്കൽ |
| ഡോ.പ്രമീളാറാണി, മെഡിക്കൽ ഓഫീസർ, സി. എച്ച് . സി | മെഡിക്കൽ ഓഫീസർ, സി. എച്ച് . സി , തിരുവില്വാമല | ഉത്രാടം , പട്ടിപറമ്പ്. പി .ഒ, തിരുവില്വാമല. |
| പി.ആർ ഷിനോദ് സെക്രട്ടറി | സെക്രട്ടറി, പാമ്പാകുട ബ്ളോക്ക്, JBDO(EGS) | പൂവത്തിങ്കിൽ ഹൗസ്, മാന്നാർ,പൂഴിക്കൽ, കോട്ടയം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ എഫ് ടി 10-66/04 /15.03.04/28.06.04 | | |
| 97-98 മുതൽ 2001-02വരെ(ജനകീയാസൂത്രണം)<br>97-98, 98-99,99-2000, 2000-01, 01-02, 02-03, 03-04 | എൽ എഫ് ടി (ബി.പി) 33/12/02.03.12 | | |
| 2004-05 | എൽ എഫ് ടി 21-2436/07, 27-12-08 | | |
| 2005-06 | എൽ.എഫ്.ടി.21-2437/ 07, 27-12-08/15.04.09 | | |
| 2006-07 മുതൽ 2010-11 | എൽ എഫ് ടി(ബി.പി)1659/12 തീ 15.12.12 /27.03.13 | | |
| 2011-12 | എൽ എഫ് ടി(ബി.പി)2138/2013 തീ 07.02.14 /14.03.14 | | |
| 2012-13 | എൽ എഫ് ടി(ബി.പി)1552/2014 തീ 12.01.15 /06.05.15 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബിപി)1180/15 തീയതി 12.10.15/21.10.15 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ